# DIET MALAPPURAM & VIJAYABHERI MALAPPURAM

## SSLC MODEL EXAMINATION , MARCH 2022

## SET-1

## സാമൂഹ്യശാസ്ത്രം

**പരമാവധി സ്കോർ: 80** **സമയം: $2^1/_2$ മണിക്കൂർ**

==========================================================================

ഭാഗം - I

**A.1 മുതൽ 6 വരെയുള്ള ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 1 സ്കോർ വീതം)**

1. സാധു ജന പരിപാലന സംഘം സ്ഥാപിച്ച സാമൂഹിക പരിഷ്കർത്താവ് ആരാണ്?

2. താഴെ നൽകിയിരിക്കുന്നതിൽ നിന്നും ഹിമാലയത്തിന്റെ ഭാഗമായ പർവതനിര തിരഞ്ഞെടുക്കുക.

(കാറക്കോറം, ലഡാക്ക്, സിവാലിക്, പത്കായ് ബും)

3. താഴെപ്പറയുന്നവയിൽ ഭാരതീയ റിസർവ്വ് ബാങ്കിന്റെ പ്രവർത്തനമല്ലാത്തത് ഏതാണ്?

(നോട്ടുകൾ അച്ചടിച്ചിറക്കൽ, വായ്പ നിയന്ത്രിക്കൽ , നിക്ഷേപങ്ങൾ സ്വീകരിക്കൽ, ബാങ്കുകളുടെ ബാങ്ക്)

4. വേനൽക്കാലത്തിന്റെ കാഠിന്യത്തിൽ നിന്ന് ശൈത്യകാലത്തേക്കുള്ള പരിവർത്തനത്തെ അടയാളപ്പെടുത്തുന്ന ഋതു ഏതാണെന്ന് എഴുതുക.

5. സാമൂഹ്യശാസ്ത്രത്തിന്റെ പിതാവായി കണക്കാക്കപ്പെടുന്ന ചിന്തകൻ?

6. 6 വയസ്സുവരെയുള്ള കുട്ടികളുടെ സംയോജിത വികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ പേര് എഴുതുക.

**B. 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 1 സ്കോർ വീതം)**

7. കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി പ്രവർത്തിച്ച പ്രശസ്ത പരിസ്ഥിതി പ്രവർത്തകൻ താഴെ പറയുന്നവരിൽ ആരാണ്.

(മേധാ പട്കർ, സുന്ദർലാൽ ബഹുഗുണ, ഹജ്ജബ്ബ , കല്ലൻ പൊക്കുടൻ)

8. ടോപ്പോഷീറ്റുകളിൽ ഉയരം സൂചിപ്പിക്കാൻ താഴെപ്പറയുന്നവയിൽ ഏതാണ് ഉപയോഗിക്കാത്തത്? (കോണ്ടൂർ രേഖകൾ, ഫോം ലൈനുകൾ, ഗ്രിഡ്, ബെഞ്ച്മാർക്ക്)

9. ഇന്ത്യൻ നാഷണൽ ആർമി രൂപീകരിച്ചത് താഴെ പറയുന്നതിൽ ആരാണ്?

(സുഭാഷ് ചന്ദ്രബോസ്, ബരീന്ദർകുമാർ ഘോഷ്, രാഷ് ബിഹാരി ബോസ്, സൂര്യ സെൻ)

10. ഇന്ത്യയിലെ സെൻസസ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സ്ഥാപനത്തിന്റെ പേര്.

ഭാഗം - Iii

A. **11 മുതൽ 15 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 2 സ്കോർ വീതം)**

11. രാഷ്ട്രത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള പ്രധാന സിദ്ധാന്തങ്ങൾ ഏതെല്ലാം?

12. നൽകിയിരിക്കുന്ന സൂചനകളെ അടിസ്ഥാനമാക്കി ഹിമാലയൻ നദികളെയും ഉപദ്വീപീയ നദികളെയും താരതമ്യം ചെയ്യുക.

എ) അപരദന തീവ്രത

ബി) ഉൾനാടൻ ജല ഗതാഗതം

13. പൗരബോധം നേരിടുന്ന ഏതെങ്കിലും രണ്ട് വെല്ലുവിളികൾ എഴുതുക.

14. ചരക്ക് സേവന നികുതിയുടെ സവിശേഷതകൾ എഴുതുക.

15. ബഹിരാകാശ സാങ്കേതികവിദ്യയിൽ ഇന്ത്യയുടെ ഏതെങ്കിലും രണ്ട് നേട്ടങ്ങൾ എഴുതുക.

B. **16 മുതൽ 18 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 2 സ്കോർ വീതം)**

16. എ കോളത്തിന് അനുയോജ്യമായി ബി കോളം ക്രമീകരിക്കുക.

| എ | ബി |
|---|---|
| അരിസ്റ്റോട്ടിൽ | സപ്താംഗ സിദ്ധാന്തം |
| റൂസോ | പൊളിറ്റിക്സ് |
| കൗടില്യൻ | രാഷ്ട്രം |
| നിക്കോളൊ മാക്യവല്ലി | സാമൂഹിക കരാർ സിദ്ധാന്തം |

17. ഇന്ത്യയിലെ പ്രധാനപ്പെട്ട പരോക്ഷ നികുതികൾ ഏതൊക്കെയാണ്?

18. ആന്ധ്രാ സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എഴുതുക.

ഭാഗം - III

## A. 19 മുതൽ 23 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 4 സ്കോർ വീതം)

19. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങളുടെ പൊതുവായ സവിശേഷതകൾ എന്തൊക്കെയാണ്?


20. ഇന്ത്യയുടെ 73 -ാമത് റിപ്പബ്ലിക് ദിനാഘോഷം 26-01-2022 ന് രാവിലെ 10 മണിക്ക് നടക്കുന്നു. താഴെ പറയുന്ന രാജ്യങ്ങളിൽ ഈ പരിപാടിയുടെ തത്സമയ സംപ്രേഷണം കാണുന്ന സമയം കണ്ടെത്തുക.

എ) ബ്രസീൽ - 45 $^0$W (പശ്ചിമ രേഖാംശം)

ബി) ആസ്ട്രേലിയ - 120 $^0$E (പൂർവ്വ രേഖാംശം)

21. കലാരംഗത്തെ പുരോഗതി ഇന്ത്യൻ ദേശീയതയെ ശക്തിപ്പെടുത്തി. സാധൂകരിക്കുക.

22. നൽകിയിരിക്കുന്ന റഫറൻസ് ഗ്രിഡ് വിശകലനം ചെയ്ത് ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക




(i) 4 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ വാസസ്ഥലം, കോട്ട എന്നിവയുടെ സ്ഥാനം കണ്ടെത്തുക.

(ii) 6 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ നീരുറവ, കുഴൽ കിണർ എന്നിവയുടെ സ്ഥാനം കണ്ടെത്തുക

23. ഇന്ത്യയുടെ ഔട്ട്ലൈൻ ഭൂപടത്തിൽ താഴെ നൽകിയിരിക്കുന്ന വിവരങ്ങൾ അടയാളപ്പെടുത്തുക

എ) ഗോദാവരി നദി

ബി) ആരവല്ലി പർവതനിരകൾ

സി) ഛോട്ടാ നാഗപൂർ പീഠഭൂമി

ഡി) കണ്ട്ല തുറമുഖം

**B-24 മുതൽ 25 വരെയുള്ള ഏതെങ്കിലും 1 ചോദ്യത്തിന് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 4 സ്കോർ വീതം)**

B. 24. കേരള സംസ്ഥാന രൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ എന്തൊക്കെയാണ്?

25. മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ എഴുതുക.

**ഭാഗം - IV**

**A- 26 മുതൽ 29 വരെയുള്ള ഏതെങ്കിലും 3 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 6 സ്കോർ വീതം)**

26. ഇറ്റലിയിലെ ഫാസിസവും ജർമ്മനിയിലെ നാസിസവും എങ്ങനെയാണ് ലോകസമാധാനത്തെ വെല്ലുവിളിച്ചത്?

27. ഉപഗ്രഹ വിദൂര സംവേദന സംവിധാനത്തിനായി പ്രയോജനപ്പെടുത്തുന്ന രണ്ട് തരം ഉപഗ്രഹങ്ങൾ ഏതെല്ലാമാണ്? അവയുടെ സവിശേഷതകൾ എഴുതുക.

28. ഇലക്ട്രോണിക് ബാങ്കിംങ്ങും കോർ ബാങ്കിംങ്ങും എങ്ങനെയാണ് ഉപഭോക്താക്കൾക്ക് സഹായകമാകുന്നത്?

29. 1857 ലെ കലാപത്തിന്റെ കാരണങ്ങളും ഫലങ്ങളും വിലയിരുത്തുക.

**A-30 മുതൽ 32 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 6 സ്കോർ വീതം)**

30. ഇന്ത്യയിലെ ഏറ്റവും വലിയ ധാതു അധിഷ്ഠിത വ്യവസായമാണ് ഇരുമ്പ്- ഉരുക്ക് വ്യവസായം. സാധൂകരിക്കുക.

31. ഭരണപരിഷ്ക്കാരം എന്നാൽ എന്ത്? ഭരണപരിഷ്കാരങ്ങൾ ലക്ഷ്യമിട്ട് ഇന്ത്യയിൽ അവതരിപ്പിച്ച പ്രധാന നടപടികൾ ഏതൊക്കെയാണ്?

32. ഇന്ത്യയിലെ ഉപഭോക്തൃ കോടതികളുടെ ഘടനയും അധികാരങ്ങളും വിവരിക്കുക.

**ഭാഗം - V**

**A-33 മുതൽ 35 വരെയുള്ള ഏതെങ്കിലും 2 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക (ഓരോ ഉത്തരത്തിനും 8 സ്കോർ വീതം)**

33. താഴെ നൽകിയിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിശദീകരിക്കുക.

- ❖ ഏകാധിപത്യ ഭരണം
- ❖ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനം
- ❖ ദുരിത ജീവിതം

- ബോൾഷെവിക് പാർട്ടിയുടെ പങ്ക്

34. ആഗോള വാതങ്ങളുടെ രൂപീകരണത്തിൽ ആഗോള മർദ്ദ മേഖലക്ക് പ്രധാന പങ്കുണ്ട്. ഇവ തമ്മിലുള്ള

പരസ്പരബന്ധം വിശദീകരിക്കുക.

35. സമൂഹ ശാസ്ത്രത്തിലെ വിവിധ പഠന രീതികൾ വിവരിക്കുക. അവയുടെ സവിശേഷതകളും പ്രയോഗവും എഴുതുക.

23.

# Map of India

